**ശ്രദ്ധക്ഷണിക്കൽ**

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കൽ**

ശ്രീ. വി. റ്റി. ബൽറാം: സർ, കേരളത്തിന്റെ കാർഷിക രംഗത്തെ സമൂലമായി ബാധിക്കുന്ന തരത്തിൽ, ആയിരക്കണക്കിന് ആളുകളുടെ ജീവനോപാധിയെ ബാധിക്കുന്ന തരത്തിൽ, നമ്മുടെ മലയാളത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വത്തെ ബാധിക്കുന്ന തരത്തിൽ, കുടിവെള്ള ക്ഷാമത്തിന് രൂക്ഷ മായ രീതിയിൽ ഇടവരുത്തുന്ന തരത്തിൽ, നമ്മുടെ മണ്ണിന്റെ ജലസംഭരണശേ ഷിയെ ബാധിക്കുന്ന തരത്തിൽ കേരളത്തിലെ നെൽവയലുകളും നീർത്തട ങ്ങളും വ്യാപകമായി നികത്തപ്പെടുന്ന ഒരു സാഹചര്യമാണ് നമുക്ക് ഇന്ന് കാണാൻ സാധിക്കുന്നത്. 1960-കളിൽ ഏതാണ്ട് എട്ടരലക്ഷത്തോളം ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽക്കൃഷി ഇന്ന് ചുരുങ്ങിച്ചുരുങ്ങി രണ്ടുല ക്ഷത്തിൽത്താഴെയായി വന്നിരിക്കുന്നുവെന്നുള്ളത് ഭീഷണിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. ഇതിനെതിരെ അതിശക്തമായ ഒരു നിയമം 2008-ൽ നമ്മൾ പാസ്സാക്കി, Kerala Conservation of Paddy Land and Wet Land Act. നെൽവയൽ നീർത്തട സംരക്ഷണ നിയമം എല്ലാ അർത്ഥത്തിലും ശക്തമായ നിയമമാണ്. പക്ഷേ ആ നിയമം വേണ്ട രീതിയിൽ പ്രാവർത്തികമാക്കാൻ ഇത്രയും കാലമായിട്ടും നമുക്ക് സാധിച്ചിട്ടില്ലായെന്നത് വലിയൊരു വീഴ്ചയായിത്തന്നെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. അതിലെ സെക്ഷൻ 4 പ്രകാരം മൂന്നുമാസത്തിനകം നെൽവയലുകൾ ഏതൊക്കെയാ ണ് എന്നുള്ളതിനെക്കുറിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കി അത് നോട്ടിഫൈ ചെയ്യേണ്ടതാണ്. മൂന്നുമാസത്തിനകം നടക്കേണ്ട ആ കാര്യം ആറുവർഷമാ യിട്ടും നമുക്ക് നടത്താൻ സാധിച്ചിട്ടില്ല. ഈ ആറുവർഷത്തിൽ മൂന്നുവർഷം

എൽ.ഡി.എഫ്.–ന്റെ ഭരണമായിരുന്നു. ഈ മൂന്നുവർഷമായി യു.ഡി.എഫ്. –ന്റെ ഭരണമാണ്. ഇത്രയും കാലമായിട്ടും ഇതിന്റെ നോട്ടിഫിക്കേഷൻ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന് പറഞ്ഞാൽ അത് ആരുടെ വീഴ്ചയായി ട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്? ഇതിലെ സെക്ഷൻ 5(4) പ്രകാരം ബന്ധപ്പെട്ട പഞ്ചായത്തും മുനിസിപ്പാലിറ്റിയുമൊക്കെ ഡേറ്റാ ബാങ്ക് തയ്യാ റാക്കി പ്രസിദ്ധീകരിക്കണം. കേരളത്തിലെ 1087 കൃഷി ഭവനുകളിൽ 1065 കൃഷി ഭവനുകളും ഈ സർവ്വേ പൂർണ്ണമായി പൂർത്തീകരിച്ചു. 2011 തുടക്ക ത്തിൽ ഈ സഭയുടെ രണ്ടാം സമ്മേളനത്തിൽ ഈ സഭയ്ക്ക് നൽകിയ ഉത്ത രത്തിന്റെ ഭാഗമായി കിട്ടിയ ഇൻഫർമേഷനാണ്. അതിൽ 975 കൃഷി ഭവനു കൾക്ക് കീഴിൽ പ്രാദേശീക നിരീക്ഷണ സമിതി അംഗീകരിച്ച ഗസറ്റ് വിജ്ഞാ പനത്തിനായി കൈമാറി. ഇപ്പോഴും ആ ഗസറ്റ് വിജ്ഞാപനം പൂർണ്ണമായ അർത്ഥത്തിൽ തയ്യാറായി വന്നിട്ടില്ല. കരട് വിജ്ഞാപനം പുറത്തിറക്കി. ഒരബദ്ധ പഞ്ചാംഗമെന്ന് വിശേഷിപ്പിക്കുന്ന തരത്തിൽ വലിയ രീതിയിലുള്ള ക്രമക്കേടുകൾ, വലിയ രീതിയിലുള്ള വാസ്തവ വിരുദ്ധമായ കാര്യങ്ങൾ അതിലുൾപ്പെട്ടിരുന്നു. ഇതുകൊണ്ട് സാധാരണക്കാർ കഷ്ടപ്പെടുകയാണ്. 50 വർഷംമുമ്പ്, 40 വർഷംമുമ്പ്, 30 വർഷംമുമ്പ് പുരയിടമായി കൺവെർട്ട് ചെയ്യപ്പെട്ട ഒരുപാട് സ്ഥലങ്ങൾ ഇപ്പോഴും നമ്മുടെ രേഖകളിൽ നിലമായി കാണുകയാണ്. അവർ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. എന്തെ ങ്കിലും ആവശ്യത്തിന് ലോണെടുക്കാനൊക്കെ പോകുമ്പോൾ അവർ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. എന്നാൽ മറുഭാഗത്ത്, നേരെ തിരിച്ചു മുണ്ട്. യഥാർത്ഥ നെൽവയലുകളെ പുരയിടമാക്കി തെറ്റായ രീതിയിൽ കാണിച്ചുകൊണ്ട് കൃഷി ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും പഞ്ചായത്ത്

അധികാരികളുമൊക്കെ ഒത്തുകളിച്ചുകൊണ്ട് ഇക്കാര്യത്തിൽ വലിയ ക്രമക്കേടുകൾ നടത്തുന്നുണ്ട്. ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നുള്ള ആവശ്യമുന്നയിച്ച് ഞാൻതന്നെ ബഹുമാന്യനായ മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും പഞ്ചായത്ത് വകുപ്പുമന്ത്രിക്കുമൊക്കെ 2011-ൽ കത്ത് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിലെ 8784/വി.ഐ.പി./സി.എം. 2012 കത്ത്, രണ്ടുവർഷംമുമ്പ് നൽകിയതാണ്. ഡേറ്റാ ബാങ്ക് തയ്യാറാക്കി കൃത്യമായ രീതിയിൽ നടപ്പാക്കണമെങ്കിൽ സാറ്റലൈറ്റ് ഇമേജറിയുടെ സഹായം നമുക്ക് ഉപയോഗിക്കാവുന്നതാണ്. നമ്മൾ അത് ഉപയോഗിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വൃഷ്ടിപ്രദേശത്തെക്കുറിച്ചുള്ള സാറ്റലൈറ്റ് ഇമേജ് നമ്മുടെ കയ്യിലുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഉയർന്നുവന്ന വിവാദങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമഘട്ട മേഖലയുമായി ബന്ധപ്പെട്ട സാറ്റലൈറ്റ് ഇമേജ് ഉപയോഗപ്പെടുത്തി. ആ ടെക്നോളജി ഉപകാരപ്രദമാണ്. അത്തരം ചില കാര്യങ്ങൾ നമുക്ക് തിടുക്കപ്പെട്ട് ചെയ്യാൻ സാധിക്കുന്നു. പക്ഷേ ഈയൊരു വിഷയം വരുമ്പോൾമാത്രം മനപ്പൂർവ്വം വൈകിക്കുകയാണോയെന്നുള്ള സംശയം ഉയർന്നുവരികയാണ്. അതുകൊണ്ട് ഐ.എസ്.ആർ.ഒ.-യേയും സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ ഏജൻസിപോലുള്ള ഏജൻസികളേയും ഉപയോഗപ്പെടുത്തി ക്വിക് ബോർഡ് ഇമേജ് എന്ന സാങ്കേതികവിദ്യയിലൂടെ നമ്മുടെ നെൽവയലുകളുടെ കൃത്യമായ ഹൈ റെസൊല്യൂഷൻ പിക്ച്ചേഴ്സുണ്ടാക്കുന്നതിന്, ശ്രീ. ടി. എൻ. പ്രതാപൻ അടക്കമുള്ള ആളുകൾ ഉന്നയിച്ചതിന്റെ ഭാഗമായി കഴിഞ്ഞ തവണ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ധനാഭ്യർത്ഥനയുടെ ചർച്ചയിൽ അതിനായി 8 കോടി രൂപ പ്രഖ്യാപിച്ചതാണ്. ആ 8 കോടി രൂപ ഇതുവരെ

ഉപയോഗിച്ചിട്ടില്ല. ഒരുവർഷം കഴിഞ്ഞു. പണം അനുവദിച്ചു. അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സന്നദ്ധമാണെങ്കിൽ എന്തുകൊണ്ട് ഈ കാര്യം നടക്കുന്നില്ല? ചെറുകിടക്കാർക്ക് മാത്രമാണ് ഇതിന്റെ ബുദ്ധിമുട്ടുണ്ടാകുന്നത്. വൻകിടക്കാരുടെ വലിയ രീതിയിലുള്ള നിലംനികത്തലുകൾക്ക് ഒരു നിയമവും ബാധകമല്ലായെന്ന തരത്തിൽ പോകുകയാണ്. ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് ആളുകൾ ചെയ്ത കാര്യങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. തൃശ്ശൂരിൽ ശോഭാ സിറ്റിയുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അത്തരത്തിലുള്ള ആളുകൾക്ക് നിയമവ്യവസ്ഥ ബാധകമല്ലേ? നമ്മുടെ നാട്ടിലെ നിയമവാഴ്ചയിൽ, നിയമവ്യവസ്ഥയിൽ സാധാരണക്കാർക്ക് വിശ്വാസം നഷ്ടപ്പെടുകയാണ്. സാധാരണക്കാർക്ക് കർശനമായ നിയമങ്ങളും വൻകിടക്കാർക്ക് ഇതൊന്നും ബാധകമല്ലാത്ത തരത്തിൽ വലിയ രീതിയിലുള്ള നിലംനികത്തലും നടക്കുകയാണ്. ഈ നിയമത്തിന്റെ ഭേദഗതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്, ഭേദഗതിയെക്കുറിച്ച് ആലോചിക്കുന്നതിനുമുമ്പ് ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുകയെന്ന പ്രാഥമികമായ കർത്തവ്യത്തിനാണ് നമ്മൾ മുൻഗണന നൽകേണ്ടത്. ഇപ്പോൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചില്ലെങ്കിൽ പിന്നീട് ഭേദഗതി വരുത്തുന്നതോടുകൂടി ഇക്കാര്യത്തിൽ ഒരു വ്യവസ്ഥയുമില്ലാത്ത തരത്തിൽ നിലംനികത്തലുകാർക്ക് പരസ്യമായി ഒത്താശ ചെയ്തുകൊടുക്കുന്ന ഒരു സാഹചര്യം ഇവിടെ സൃഷ്ടിക്കപ്പെടുമെന്നുള്ളതുകൊണ്ട് ഈ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് ഉണ്ടാകേണ്ടതാണ്. ഇതിലെ പണിഷ്മെന്റ് വളരെ കർശനമാണ്. ആറുമാസം മുതൽ രണ്ടുവർഷം

വരെയുള്ള തടവുശിക്ഷ വിഭാവന ചെയ്യുന്നുണ്ട്. 50,000 രൂപ മുതൽ 1,00,000 രൂപവരെയുള്ള പിഴശിക്ഷ വിഭാവന ചെയ്യുന്നുണ്ട്. സെക്ഷൻ 23, പെനാൽറ്റി എന്ന ക്ലാസിൽത്തന്നെ ആദ്യം പറഞ്ഞത്, Any person who is in violation of the provision of this Act converts or reclaims any Paddy Land or Wet Land notified under Sub-section 4 of Section 5. സെക്ഷൻ 5 സബ്–സെക്ഷൻ 4 പ്രകാരം നോട്ടിഫൈ ചെയ്താൽ മാത്രമേ ഈ നിയമം നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഒരുഭാഗത്ത് വലിയ രീതിയിലുള്ള ശിക്ഷകളൊക്കെ എഴുതിവച്ചിട്ടുണ്ട്. പക്ഷേ ഒരാളെപ്പോലും പിടിക്കാൻ സാധിക്കുന്നില്ല. ഇതുകാരണം ഹൈക്കോടതിതന്നെ നിർദ്ദേശം നൽകി. ഹൈക്കോടതിയിൽവന്ന കേസ്സുകളൊക്കെ തള്ളിപ്പോകുകയാണ്. അതുകൊണ്ട് കളക്ടർമാർക്ക് ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം നൽകണം. ഈ നിയമം വന്നതോടുകൂടി, ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടിയെടുക്കാൻ സാധിക്കൂവെന്നാണ് പലരും വിചാരിച്ചിരിക്കുന്നത്. പഴയ കെ.എൽ.യു. ഓർഡർ ഇപ്പോഴും നിലനിൽക്കുകയാണ്. ആ കെ.എൽ.യു. ഓർഡർ പ്രകാരം കളക്ടർമാർക്ക് ഇപ്പോഴും നടപടികൾ സ്വീകരിക്കാവുന്നതേയുള്ളൂ. അങ്ങനെയുള്ള നിർദ്ദേശം നൽകാൻ സാധിക്കേണ്ടതുണ്ട്. ഞങ്ങളുടെയൊക്കെ ആവശ്യപ്രകാരം എന്റെ നിയോജകമണ്ഡലത്തിലടക്കം ഇത്തരത്തിൽ നികത്തിയ നിലങ്ങൾ തിരിച്ചുപിടിക്കുന്ന അനുഭവങ്ങൾ കളക്ടറുടെ നേതൃത്വത്തിൽ നാലോ അഞ്ചോ സ്ഥലത്ത് നടത്തി. പിന്നീട് കളക്ടർമാർക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. കാരണം അവരുടെ കയ്യിൽ പണമില്ല. ഇതിന് ചെലവുമുണ്ട്. ആ ചെലവിനുള്ള സംവിധാനം കളക്ടർമാർക്കും റവന്യൂ അധികാരികൾക്കും ഇല്ലാത്തതുകൊണ്ട് ഈ പ്രവർത്തനം പിന്നീട് തുടർന്നുകൊണ്ടു

പോകാൻ സാധിച്ചില്ല. ഇത് കേരളം മുഴുവൻ വ്യാപിപ്പിക്കേണ്ട പ്രവർത്തനമാണ്. ഇത്തരത്തിൽ നികത്തിയാൽ ഇന്നല്ലെങ്കിൽ നാളെ തിരിച്ചുപിടിക്കപ്പെടും. കാലാകാലങ്ങളിൽ ഗവൺമെന്റുകളെ സ്വാധീനിച്ച് നിയമങ്ങളെ മാറ്റിമറിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പറ്റുമെന്നുള്ള അവസ്ഥയല്ല ഉള്ളത്. ഇത് നാളെയാണെങ്കിലും തിരിച്ചെടുക്കുമെന്നുള്ള പേടിപ്പെടുത്തുന്ന ഒരു deterrent effect ഇവിടെ ക്രിയേറ്റ് ചെയ്യാൻ മാതൃകാപരമായിട്ടുള്ള പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് മുന്നോട്ടുപോകണമെന്നാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി പിടിച്ചുവച്ചിരിക്കുന്ന വാഹനങ്ങളുണ്ട്. ജെ.സി.ബി-യും ടിപ്പറും മറ്റ് വാഹനങ്ങളുമുണ്ട്. ഈ വാഹനങ്ങളെയൊക്കെ ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കേണ്ടതുണ്ട്. അഞ്ചും പത്തും സെന്റിനുവേണ്ടി നിലംനികത്തുന്ന സാധാരണക്കാരായിട്ടുള്ള ആളുകളുണ്ട്. അവരുടെ താൽപ്പര്യങ്ങളും നമ്മൾ സംരക്ഷിക്കണം. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ നിയമം അതിന്റെ ഉദ്ദേശശുദ്ധിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ നമുക്ക് കഴിയണം. പലപ്പോഴും കാണുന്ന ഒരു പ്രത്യേകത, മറ്റ് സ്ഥലമില്ലാത്തതിന്റെ പേരിലാണല്ലോ നിലം നികത്തണമെന്ന് പറഞ്ഞ് പലരും അപേക്ഷ നൽകുന്നത്. അത് പരിഗണിച്ചാണ് അവർക്ക് നിലം നികത്താൻ പരിമിതമായ തരത്തിൽ അനുമതി നൽകുന്നത്. മറ്റ് സ്ഥലമില്ല, പാവപ്പെട്ട ആളാണ്, എനിക്കാകെയുള്ളത് ഈ അഞ്ചുസെന്റ് സ്ഥലമാണ് എന്നുപറഞ്ഞ് നിലം നികത്താൻ അനുവാദം വാങ്ങി അനുമതി കിട്ടിക്കഴിഞ്ഞാൽ അവിടെ ഉയർന്നുവരുന്നത് ചെറിയ ചെറിയ വീടുകളല്ല, വലിയ കൊട്ടാരങ്ങളാണ്. 4000-ഉം 5000-ഉം സ്ക്വയർ

ഫീറ്റ് വലിപ്പമുള്ള വലിയ കൊട്ടാരങ്ങൾ കെട്ടുന്നതിനുവേണ്ടി അത്രമാത്രം ചെലവഴിക്കാൻ കഴിയുന്ന ആളുകൾ എന്തിനാണ് ഈ വയലിൽത്തന്നെ കെട്ടുന്നത്? അവർക്ക് കരഭൂമി വാങ്ങാനുള്ള പണമുണ്ടല്ലോ. അതുകൊണ്ട് നെൽവയൽ നികത്തി ഉണ്ടാക്കുന്ന വീടുകളുടെ സ്ക്വയർ ഫീറ്റിന് റെസ്ട്രിക്ഷനുണ്ടാകണം. പരമാവധി 1000 സ്ക്വയർ ഫീറ്റിനപ്പുറത്തുള്ള ഒരു വീട് ഇത്തരത്തിലുള്ള സ്ഥലത്ത് കെട്ടാൻ പാടില്ല എന്നുപറയുന്ന.....

മി. സ്പീക്കർ: 10 മിനിട്ടാണ്.

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ അവസാനിപ്പിക്കാം. വളരെ പ്രധാന പ്പെട്ട കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

മി. സ്പീക്കർ: അതറിയാം. അതുകൊണ്ടാണ് ഇത്രയും സമയം തന്നത്.

ശ്രീ. വി. റ്റി. ബൽറാം: സർ, അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ആർജ്ജവപൂർണ്ണമായ നിലപാടുകളെടുക്കാൻ സർക്കാർ തയ്യാറായി കടന്നുവ രണമെന്ന് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനുംവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംര ക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തു ന്നതും നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. പ്രസ്തുത നിയമം ലംഘിച്ചുകൊണ്ട് വ്യാപകമായ ഭൂമി കയ്യേറ്റങ്ങളും അനധികൃത

പരിവർത്തനങ്ങളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത പരിവർത്തനം തടയുന്നതിനായി ജില്ലകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും റവന്യൂ, പോലീസ് വകുപ്പുകൾ സംയുക്ത പരിശോധന നടത്തി വരുന്നതുമാണ്. നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രാദേശികതല നിരീക്ഷണ സമിതികളും ജില്ലാതല സമിതികളും രൂപീകരിച്ചിട്ടുണ്ട്. അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ സ്റ്റോപ്പ് മെമ്മോ നൽകി പ്രവൃത്തി തടയുകയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരം സ്ഥലം പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ വാഹനങ്ങൾ പിടിച്ചെടുക്കുകയും നിയമാനുസരണം വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

ശ്രീ. വി. റ്റി. ബൽറാം : സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് കുറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചു. യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട് നോക്കുമ്പോഴും നമ്മുടെ ഫീൽഡിലുള്ള അനുഭവംവച്ച് നോക്കുമ്പോഴും ഈ കാര്യങ്ങളൊന്നും മുന്നോട്ടുപോകുന്നില്ലെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കളക്ടർമാർക്ക് ഇതിനുവേണ്ട അധികാരങ്ങൾ നൽകിക്കൊണ്ട് അവർക്ക് സ്വമേധയാ നടപടികൾ എടുക്കാനുള്ള ധനകാര്യ സൗകര്യങ്ങളും പണത്തിന്റെ ലഭ്യതയടക്കം ഉറപ്പുവരുത്തികൊണ്ട് എങ്ങനെ

നികത്തി നെൽവയലുകളെ തിരിച്ച് റീ–ക്ലെയിം ചെയ്തുകൊണ്ട് മുന്നോട്ടു പോകൻ സാധിക്കും എന്നതിനെക്കുറിച്ചുള്ള പ്രായോഗികമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ? അതോടൊപ്പം ഡേറ്റാബാങ്കിന്റെ ഫൈനലായി ട്ടുള്ള പ്രസിദ്ധീകരണം ഇനിയുംവച്ച് വൈകിപ്പിക്കാതെ എത്രയും പെട്ടെന്ന് ഒന്നോ രണ്ടോ മാസത്തിനകം പൂർത്തീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ് : സർ, ജില്ലാ കളക്ടർമാർക്ക് ഈ കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കർശനമായ നടപടികൾ സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മാത്രമല്ല, ഡേറ്റാബാങ്കിന്റെ വിശദീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കഴിഞ്ഞ ആഴ്ചയിലും ഒരു യോഗം പഞ്ചായത്ത് വകുപ്പുമന്ത്രി വിളിച്ചുചേർക്കുകയു ണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ദ്രുതഗതിയിൽ അതിന്റെ പണികൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. ഡേറ്റാ ബാങ്ക് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഇന്നുള്ള അപാകതകൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കള്ളുച്ചെത്ത് വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. ദാസൻ : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് ജോലി നൽകുകയും അവരെ സംരക്ഷിച്ചു നിർത്തുന്ന വ്യവസായവുമാണ് കള്ളുചെത്ത് വ്യവസായം. ഈ വ്യവസായം ഇന്ന് ഏതാണ്ട് തകർച്ചയുടെ വക്കിലാണ്. ഒരു കാലത്ത് സ്റ്റേറ്റിന്റെ വരുമാനത്തിൽ ഗണ്യമായ വരുമാനം ലഭിച്ചിച്ചിരുന്നത് ഈ വ്യ വസായത്തിൽ നിന്നായിരുന്നു. നേരത്തെ പ്രത്യക്ഷമായും പരോക്ഷവുമായ

രീതിയിൽ ഒരുലക്ഷം പേർക്ക് ജോലി നൽകാൻ കഴിഞ്ഞ ഈ വ്യവസായം ഇന്ന് എത്തിനിൽക്കുന്നത് ഏതാണ്ട് ഇരുപതിനായിരത്തോളം തൊഴിലാളി കൾക്കുമാത്രമായി ജോലി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഏതാണ്ട് എൺപതിനായിരത്തോളം കുടുംബങ്ങളാണ് ഇതിന്റെ ഭാഗമായി തൊഴിലിന് വെളിയിലായി മാറ്റപ്പെട്ടിരിക്കുന്നത്. 5194 കള്ളുഷാപ്പുകളാണ് നിലവിലുള്ളത്. അതിനിപ്പോൾ ലേലം ചെയ്ത് ലൈസൻസുകൾക്ക് ഉറപ്പിച്ചുകൊടുത്തത് 4158 ഷാപ്പുകളാണ്. ബാക്കിവരുന്ന 1036 ഷാപ്പുകൾ ലൈസൻസിനുവേണ്ടി ഇതു വരെ പോയിട്ടില്ല. 509 ഷാപ്പുകൾ ഡിപ്പാർട്ടുമെന്റ് മാനേജുമെന്റാണ് നടത്തി യിരുന്നത്. അതിന്റെ നടപടിക്രമങ്ങൾ ആണെങ്കിൽ വളരെ വേഗത്തിൽ പൂർത്തിയാകുന്നുമില്ല സാങ്കേതികമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നട പടിക്രമങ്ങളിൽ വളരെ കാലതാമസം ഉണ്ടാകുകയാണ്. ഈ കാലതാമസ ത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് നേരിട്ട് ഈ ഷാപ്പുകൾ നടത്തിക്കൊ ണ്ടുപോകാൻ കഴിയാത്ത നില ഇന്ന് വന്നുചേർന്നിട്ടുണ്ട്. അതുകൊണ്ട് ഈ ഷാപ്പുകളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ സർക്കാർ അടിയ ന്തരമായി നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. വ്യവസായ നടത്തിപ്പിന് ഇന്ന് പ്രതികൂലമായ പ്രശ്നം എന്തെന്നുവച്ചാൽ കള്ളിന്റെ സ്ട്രെങ്ത്താണ്. സ്റ്റാർച്ച് കണ്ടന്റിലെ കള്ളിന്റെ സ്ട്രെങ്ത് ഇന്ന് കണക്കാക്കുന്നത് 8.1 എന്നാണ്. ഇതിന് എന്താണ് ശാസ്ത്രീയമായ പിൻബലമുള്ളത്? ഇതിന് ശാസ്ത്രീയ മായി പിൻബലമുണ്ടെന്ന് ആരും ഇന്നുവരെ തെളിയിച്ചിട്ടില്ല. എക്സൈസ് ഡിപ്പാർട്ടുമെന്റ് പറയുന്നത് 8.1 കണ്ടാൽ മായമുണ്ടെന്നാണ്. അങ്ങനെ അതു പറഞ്ഞുകൊണ്ടാണ് പല ഷാപ്പുകളും പൂട്ടിക്കുന്നത്. യഥാർത്ഥത്തിൽ ഇതി നൊരു ശാസ്ത്രീയമായ അടിത്തറയുണ്ട്, ശാസ്ത്രീയമായ പിൻബലമുണ്ട്

എന്നത് ഇന്നുവരെ തെളിയിക്കാൻ കഴിയാത്ത ഒരു കാര്യമാണ്. മാത്രമല്ല ഒരു കള്ളുഷാപ്പിലാണ് ഈ സ്ട്രെങ്ത് കണ്ടന്റ് കണ്ടുപിടിച്ചാൽ ആ ഗ്രൂപ്പിലെ മുഴുവൻ കള്ളുഷാപ്പുകളും പൂട്ടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. യഥാർത്ഥത്തിൽ മായമുണ്ടെന്ന് കണ്ടാൽ ഒരു ഷാപ്പല്ലേ പൂട്ടിക്കേണ്ടത്? മറിച്ച് ആ ഗ്രൂപ്പിലെ എല്ലാ ഷാപ്പുകളും അടച്ചുപൂട്ടണമെന്ന് നിർബന്ധിക്കുന്നതിന്റെ ഭാഗമായി നിരവധി തൊഴിലാളികൾ തൊഴിലിനുവേണ്ടി വെളിയിലേക്കുപോകുന്ന ഒരു സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനുള്ളത് ഒരു തെങ്ങിൽനിന്ന് ശരാശരി ഒന്നര ലിറ്റർ കള്ളുമാത്രമേ ഉല്പാദിപ്പിക്കാൻ പാടുള്ളു എന്ന് ഒരു നിബന്ധനയാണ് ഇപ്പോൾ വച്ചിട്ടുള്ളത്. ഒന്നര ലിറ്ററിനുമുകളിൽ കള്ളുല്പാദിപ്പിച്ചു കഴിഞ്ഞാൽ അതിനെ അംഗീകരിക്കാൻ സർക്കാർ എക്സൈസ് ഡിപ്പാർട്ടുമെന്റ് തയ്യാറല്ല. ഇതിന്റെ അടിസ്ഥാനമെന്താണ്? ലളിതാംബിക കമ്മീഷൻ ഉന്നതാരായ മൂന്ന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഒരു സബ്ക്മിറ്റിയുണ്ടാക്കി. അന്വേഷണത്തിൽ അവർ കണ്ടെത്തിയത് കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്തമായിട്ടുള്ള ഉല്പാദനമാണ് ഉണ്ടാക്കുന്നത്. ഞങ്ങളുടെയെല്ലാം പ്രദേശങ്ങളിൽഒരു ഒരു തെങ്ങിൽനിന്ന് മൂന്നുലിറ്ററും നാലുലിറ്ററും കള്ള് ഉല്പാദിപ്പിക്കുന്നുണ്ട്. അത് ഒന്നര ലിറ്ററായി നിജപ്പെടുത്തേണ്ട ആവശ്യമെന്താണ്? പരമാവധി തെങ്ങിൽനിന്ന് കള്ള് ഉല്പാദനമുണ്ടാക്കാമെന്നുള്ളതാണ് ആവശ്യം. അത് ശരിയായിട്ടുള്ള ഒരു തീരുമാനമല്ല. തൊഴിലാളികളുടെ താല്പര്യത്തിന് പരമാവധി കള്ളുല്പാദനമാണ് അവർക്കാവശ്യം. ഡിപ്പാർട്ടുമെന്റിന്റെ കണക്കിന്റെയും വ്യവസായത്തിന്റെയും തൊഴിലാളികളുടെ താല്പര്യവുമായി പൊരുത്തപ്പെടുന്നില്ല. അത് പൊരുത്തപ്പെടുന്ന രീതിയിൽ ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട

മന്ത്രിയോട് ആവശ്യപ്പെടുകയാണ്. കള്ളുവ്യവസായത്തിന്റെ പുരോഗതിക്ക്, കള്ളുവ്യവസായത്തിന് മറ്റ് പല മേഖലകളിലും വിവിധ പദ്ധതികൾ രൂപീകരിച്ചു. അടുത്ത കാലത്ത് നീര ഉല്പാദനം സജീവമായി കൊണ്ടുവരാൻവേണ്ടി ഗവൺമെന്റ് തീരുമാനിച്ചു. നീര ഉല്പാദനത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു നീരാ ബോർഡിന്റെ പ്രൊപ്പോസൽ വയ്ക്കുകയും ചെയ്തു. ഇവിടെ കയർ ബോർഡും നാളികേര ബോർഡും കയർഫെഡുമുണ്ട്. എന്നാൽ യഥാർത്ഥത്തിൽ എന്തുകൊണ്ട് കള്ളുവ്യവസായത്തിന് ഒരു വികസന ബോർഡ് ഇല്ല? കള്ള് വ്യവസായത്തിന് വികസന ബോർഡുണ്ടാകണം. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പം കള്ളുവ്യവസായത്തിൽ പഴയ ഗവൺമെന്റിന്റെ കാലത്ത് സഹകരണസംഘം സജീവമായി പ്രവർത്തിച്ചിരുന്നു. ഈ സഹകരണ സംഘങ്ങളിൽ തൊഴിലാളികൾ മാത്രമാണ് അംഗങ്ങളായിട്ടുള്ളത്. പുറത്തുനിന്നുള്ള ഒരാളെപോലും ആ സഹകരണ സംഘത്തിൽ അംഗമാക്കാൻ കഴിയില്ല. ആ രീതയിലാണ് അത് രജിസ്റ്റർ ചെയ്തിരുന്നത്. ആ സഹകരണ സംഘത്തെ കള്ള് നടത്തിപ്പിന്റെ ഉത്തരവാദിത്വത്തിൽനിന്ന് പൂർണ്ണമായി ഒഴിവാക്കുകയും അതിനുപകരം ഇപ്പോൾ കരാറുകാരുടെ കയ്യിൽ കൊടുക്കുകയുമാണ് ചെയ്തത്. ഇപ്പോൾ ലൈസൻസികൾ എന്ന് പറയുന്നത് സ്വകാര്യ കരാറുകാരാണ്. അവരാണ് കള്ളിൽ കൃത്രിമം കാണിക്കുകയും വ്യാപകമായി കള്ളിൽ മായം ചേർക്കുകയും അതുവഴി കള്ളുഷാപ്പുകളെ ആകെ മോശമായ രീതിയിൽ കൊണ്ടുവരുന്ന രീതി സ്വീകരിക്കുകയും ചെയ്യുന്നത്. സഹകരണസംഘം എന്നുപറയുന്നത് ഗവൺമെന്റിന്റെ ഒരു സംവിധാനമാണ്. ഗവൺമെന്റിന്റെ സഹകരണ സഹകരണ ഡിപ്പാർട്ടുമെന്റിൽ രജിസ്റ്റർ ചെയ്ത് അംഗീകാരം ലഭിച്ച സ്ഥാപനമാണ്. ഒരു പൊതുമേഖലയിലുള്ള സഹകരണ

സംഘത്തെ ഒഴിവാക്കി പകരം കള്ളുഷാപ്പ് നടത്താൻ ഇങ്ങനെ സ്വകാര്യമായിട്ടുള്ള മുതലാളിമാർക്ക് അനുവാദം കൊടുക്കുന്നത് അത് നീതിപൂർവ്വമാണോയെന്ന് ഗവൺമെന്റ് പുന:പരിശോധന നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെ കള്ളുവ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനുംവേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. കള്ളുവ്യവസായത്തിന് ഏറ്റവും പ്രധാനമായിട്ടുള്ളത് അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ കേരളത്തിൽ വച്ചുപിടിപ്പിക്കുക എന്നുള്ളതാണ്. ഏറ്റവും പ്രായംകുറഞ്ഞതും രണ്ടോ മൂന്നോ വർഷംകൊണ്ട് കായ്ക്കുന്നതും ഏറ്റവും ഉയരം കുറഞ്ഞതുമായ തെങ്ങിൻതൈ നാളികേര വികസന ബോർഡ് വികസിപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പ് അത് നടപ്പിലാക്കുന്നുമുണ്ട്. നമ്മുടെ നാട്ടിലെ റവന്യൂ പുറമ്പോക്കിലും റോഡിന്റെ പുറമ്പോക്ക് സ്ഥലങ്ങളിലും സർക്കാരിന്റെ കായൽ പുറമ്പോക്കിലുമെല്ലാം തെങ്ങ് വച്ചുപിടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ ആവശ്യമായ തരത്തിൽ നമുക്ക് തെങ്ങ് ലഭിക്കാനാവശ്യമായ കാര്യങ്ങളുണ്ടാകും. തെങ്ങുമാത്രമല്ല ചൂണ്ടപ്പനയും കരിമ്പനയും വച്ചിപിടിപ്പിക്കണം. ഇതുപോലുള്ള പനകളുൾപ്പെടെ വച്ചുപിടിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകുകയാണെങ്കിൽ കൂടുതൽ തൊഴിലവസരങ്ങൾ ഈ രംഗത്തുണ്ടാകുകയും കൂടുതൽ ചെറുപ്പക്കാർ ഈ മേഖലയിലേയ്ക്ക് കടന്നുവരികയും ചെയ്യും. കള്ളുഷാപ്പുകളുടെ നടത്തിപ്പ് നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ശരിയായ രീതിയിൽ ഉപഭോക്താക്കൾക്ക് മായം കലരാത്ത ശരിയായ കള്ള് കൊടുക്കുവാൻ കഴിയുന്ന രീതിയിൽ ഇതിന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്.

അതോടൊപ്പം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള ഷാപ്പുകൾ സ്ഥാപിച്ച് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി നടത്തുവാനുള്ള അനുവാദം നല്കണം. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽനിന്നും മറ്റ് ജില്ലകളിലെ കള്ളുഷാപ്പുകളിലേക്ക് കള്ള് ചെത്തിക്കൊണ്ടുപോകാൻ അനുവാദം ലഭിക്കുന്നില്ല എന്നുള്ളൊരാക്ഷേപമുണ്ട്. അനുവാദം നല്കണമെന്നാണ് ഞാൻ പറയുന്നത്. അത്യുല്പാദനശേഷിയുള്ള ധാരാളം തെങ്ങുകൾ അവിടത്തെ കൃഷിക്കാർ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ആ തെങ്ങുകളിൽനിന്നും കള്ളുചെത്തുന്നതിനാവശ്യമായ സഹായം ഗവൺമെന്റ് ചെയ്തുകൊടുക്കണം. വിദേശ മദ്യനയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാനാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ രൂപീകരിച്ചതെങ്കിലും കള്ളുവ്യവസായത്തെ സംബന്ധിച്ച ചില സുപ്രധാന നിഗമനങ്ങൾ ആ റിപ്പോർട്ടിൽ വന്നിട്ടുണ്ട്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതിനാവശ്യമയ നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ കള്ളുവ്യസായത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തീരുമാനമില്ലാതെ ചെയർമാനും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുംകൂടി സർക്കാരിന്റെ സമ്മർദ്ദത്തെത്തുടർന്ന് ക്ഷേമനിധിയിൽനിന്നും 309 കോടി രൂപ ട്രഷറിയിലേക്ക് മാറ്റിയതായി അറിയുന്നു. ഇങ്ങനെ ക്ഷേമനിധിയിൽനിന്നും മാറ്റിയ തുകയ്ക്ക് മറ്റ് ബാങ്കുകളിൽ കൊടുത്ത ഇന്ററസ്റ്റ് കൊടുക്കുന്നതിനാവശ്യമായ നടപടിയുണ്ടോ; വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിലാണോ ഇത് കൊടുത്തത്; ചെയർമാനും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറും ഗവൺമെന്റുമായി ആലോചിച്ചിട്ടാണോ ഈ നടപടി സ്വീകരിച്ചത്; നേരത്തെ പലിശയിനത്തിൽ കിട്ടിയ കോടിക്കണക്കിന് രൂപ തൊഴിലാളികളുടെ വിവിധ ക്ഷേമപ്രവർത്തന

ങ്ങൾക്കുവേണ്ടി വിനിയോഗിച്ചിരുന്നു. അത് നഷ്ടമാകുന്ന രീതിയിലാണ് ഇന്ന് എത്തിയിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ ഒരു കരാറുണ്ടാക്കാൻ ഗവൺമെന്റിന്റെ അടിയന്തരമായ ശ്രദ്ധ പതിയണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സർക്കാരിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്.

മത്സ്യബന്ധനനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പരമ്പരാഗത തൊഴിലധിഷ്ടിത വ്യവസായമെന്ന നിലയിൽ കള്ളുചെത്ത് വ്യവസായത്തേയും ഇതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആ നിലയിലുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. കള്ളുചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ ഷാപ്പ് നടത്തിവരുന്ന ലൈസൻസികൾക്ക് മുൻഗണന നല്കി ഗ്രൂപ്പുകളായി തിരിച്ച് മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി മൂന്നുവർഷത്തേക്ക് ഒന്നിച്ച് ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ കള്ളുഷാപ്പുകൾ വില്പന നടത്താൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. മൂന്നുവർഷത്തേക്ക് കള്ളുഷാപ്പുകൾ വില്പന നടത്തണമെന്നത് ഈ രംഗത്തുള്ള എല്ലാ ട്രേഡ് യൂണിയനുകളുടേയും ഏറെക്കാലത്തെ ആവശ്യമായിരുന്നു. കൂടാതെ തൊഴിലാളി യൂണിയനുകൾ ഐകകണ്ഠ്യേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ താലൂക്കിലെ കള്ളുഷാപ്പുകളിലെ തൊഴിലാളികളുടേയും കൊടുങ്ങല്ലൂർ റേഞ്ചിലെ കള്ളുഷാപ്പുകളിലെ തൊഴിലാളികളുടേയും തൊഴിൽ സംരക്ഷിക്കണമെന്ന ലക്ഷ്യത്തോടെ ഈ ഷാപ്പുകൾ റേഞ്ചടിസ്ഥാനത്തിൽ വില്പന നടത്തുവാൻ

തീരുമാനിച്ചു. വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ ഏറ്റെടുത്ത് നടത്തുന്നതിനായി തൊഴിലാളി സമിതികളെ ഏല്പിക്കുന്നതിന് ഉത്തരവ് നല്കിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ കള്ളുഷാപ്പുകൾ ഏറ്റെടുക്കുന്നതിന് മുൻകൂർ കെട്ടിവയ്ക്കേണ്ട തൊഴിലാളികളുടെ ഒരു മാസത്തെ വേതനം, മൂന്നുമാസത്തെ ക്ഷേമനിധിത്തുക, വൃക്ഷക്കരം എന്നിവ അടയ്ക്കുന്നതിൽനിന്നും പൂർണ്ണമായും തൊഴിലാളി സമിതികളെ ഒഴിവാക്കിയിട്ടുമുണ്ട്. ഷാപ്പൊന്നിന് 500 രൂപ റെന്റലിന് തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കാൻ തീരുമാനിച്ചത് ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ്. 2014-17 വർഷം വില്പനയ്ക്കുവച്ച 5194 കള്ളുഷാപ്പുകളിൽ 4219 എണ്ണം ആദ്യഘട്ടത്തിൽത്തന്നെ വില്പനയിൽപോയി. തുടർന്ന് കഴിയുന്നത്ര കള്ളുഷാപ്പുകൾ തുറന്നുപ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ വില്പനയിൽ പോകാത്ത 975 കള്ളുഷാപ്പുകളുടെ റെന്റൽ തുക 50 ശതമാനം കുറച്ച് രണ്ടാംഘട്ട വില്പന നടത്തുകയും വിറ്റുപോകാത്തവ ഷാപ്പൊന്നിന് 500 രൂപ നിരക്കിൽ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് രണ്ടാംഘട്ടത്തിൽ 14 ഗ്രൂപ്പുകളിലായി 81 കള്ളുഷാപ്പുകൾ വില്പനയിൽ പോയിട്ടുണ്ട്. ശേഷിക്കുന്നവ ഷാപ്പൊന്നിന് 500 രൂപ നിരക്കിൽ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അവയുടെ വില്പന പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കള്ളുഷാപ്പുകളും തുറന്ന് പ്രവർത്തിക്കാൻ സാധിക്കും. കള്ളുഷാപ്പുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതെ കിടക്കുന്ന പ്രദേശങ്ങളിലെ കള്ളുചെത്ത് തൊഴിലാളി

കൾക്ക് തൊഴിൽ സംരക്ഷണം നല്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് നീര ഉല്പാദനത്തിന് സർക്കാർ അനുമതി നല്കിയിട്ടുമുണ്ട്. ഇത്തരത്തിൽ നീര ഉല്പാദനം നടത്തുമ്പോൾ തൊഴിലില്ലാത്ത ചെത്തുതൊഴിലാളികൾക്ക് നീര ചെത്തുന്നതിൽ മുൻഗണന നല്കുവാൻ ചട്ടങ്ങളിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലധിഷ്ടിത വ്യവസായമെന്ന നിലയിൽ കള്ളുവ്യവസായത്തെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വീര്യം കൂടിയ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിന് സർക്കാർ ശ്ക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 31–03–2014–ലെ കണക്കുപ്രകാരം കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത 24,794 കള്ളുചെത്ത് തൊഴിലാളികളും 8825 കള്ളുഷാപ്പ് തൊഴിലാളികളും ഈ മേഖലയിൽ പണിയെടുക്കുന്നു. കൂടാതെ താത്ക്കാലിക ജീവനക്കാരും പണിയെടുക്കുന്നുണ്ട്. 07–09–2013–ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം കള്ളുഷാപ്പുകൾ അടച്ചിട്ടതുമൂലം തൊഴിൽ നഷ്ടപ്പെട്ട 2891 ചെത്തുതൊഴിലാളികൾക്ക് 1500 രൂപയും 1390 വില്പനത്തൊഴിലാളികൾക്ക് 1,000 രൂപയും ഓണം പ്രമാണിച്ച് 2013–ൽ എക്സ്ഗ്രേഷ്യാ അനുവദിച്ചിരുന്നു. കള്ളുചെത്ത് മേഖലയുടെ സംരക്ഷണത്തിനും സുഗമമായ പ്രവർത്തനത്തിനുമായി സംസ്ഥാന–ജില്ല–റേഞ്ച് തലങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള ഉത്തരവുകളും നല്കിയിട്ടുണ്ട്. ഇവിടെ ശ്രീ. കെ. ദാസൻ ചൂണ്ടിക്കാണിച്ച കണക്കിൽ അല്പം വ്യത്യാസമുണ്ട്. ഇപ്പോൾ 815 ഷാപ്പുകളുടെ വില്പനയാണ് നടക്കാതെ വന്നിട്ടുള്ളത്. ആ ഷാപ്പുകൾ 500 രൂപ നിരക്കിൽ തൊഴിലാളി സമിതികൾക്ക് കൊടുക്കാൻ തീരുമാനിച്ചെങ്കിലും

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതുകൊണ്ടാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ താമസിച്ചത്. പെരുമാറ്റച്ചട്ടം പിൻവലിച്ചതിനുശേഷം രണ്ടാംഘട്ട ലേലം കഴിഞ്ഞ് നടപടിക്രമങ്ങൾ പൂർത്തിയാക്കി, 50 ശതമാനം കുറച്ച് വില്പന നടത്തി. അതിനുശേഷമേ 500 രൂപയ്ക്ക് കൊടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. അതിനുള്ള നടപടികൾ ഉടനെ പൂർത്തിയാകും. അദ്ദേഹം കള്ളിന്റെ സ്ട്രെങ്ത്തിനെക്കുറിച്ച് പറഞ്ഞു. കേരളം ഉണ്ടായ കാലം മുതൽ കള്ളിന്റെ സ്ട്രെങ്ത് 8.16 ആണ്. എന്നാൽ ഇത് പരിശോധിക്കാൻ കേരള യൂണിവേഴ്സിറ്റി, മറ്റ് ഡിപ്പാർട്ടുമെന്റുകൾ എന്നിവ ഉൾപ്പെടുത്തി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ട്രെങ്ത്തിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കും. ഒരു തെങ്ങിൽനിന്നും ഒന്നര ലിറ്റർ കള്ളുമാത്രമേ ഉല്പാദിപ്പിക്കാവൂ എന്നുള്ള വ്യവസ്ഥ ഉണ്ടെന്നുള്ളത് ശരിയാണ്. ഇതും കേരളത്തിൽ ആദ്യകാലം മുതൽ ഉള്ള വ്യവസ്ഥയാണ്. ഇതിൽ മാറ്റം വരുത്തുന്നതിന് ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അവർ ഇക്കാര്യം പരിശോധിച്ചുകെണ്ടിരിക്കുകയാണ്. ഇതിൽ മാറ്റം വരുത്താൻ സാധിക്കും. അതുപോലെതന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ കള്ള് സുലഭമായി ഉല്പാദിപ്പിക്കുന്ന പാലക്കാട് ജില്ലയിൽനിന്ന് മറ്റ് ജില്ലകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് പെർമിറ്റ് കൊടുക്കുന്നുണ്ട്. ഏറെക്കുറെ ആലപ്പുഴ ജില്ലവരെ കള്ള് കൊണ്ടുവരുന്നതിന് പെർമിറ്റ് കൊടുക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ വ്യവസായം കുറച്ചെങ്കിലും നിലനില്ക്കുന്നത്. മറ്റൊരു കാര്യം, അദ്ദേഹം സൂചിപ്പിച്ചത് കോക്കനട്ട് ബോർഡ് വേണമെന്നുള്ളതാണ്. നീര ഉല്പാദിപ്പിക്കാനുള്ള

നിയമ ഭേദഗതി വരുത്താൻ തീരുമാനിച്ച അവസരത്തിൽ കള്ളുവ്യവസായത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് നീര കോക്കനട്ട് ബോർഡ് എന്നുള്ള പേരിൽ ഒരു ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം ഉടനെതന്നെ നടപ്പിലാകുന്നതാണ്. മറ്റൊന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത്, സഹകരണ സംഘങ്ങൾക്ക് കള്ളുഷാപ്പുകൾ കൊടുക്കുന്നില്ല, കോൺട്രാക്ടർമാർക്ക് കൊടുക്കുന്നു എന്നുള്ളതാണ്. സഹകരണ സംഘം കള്ളുഷാപ്പ് നടത്തിയപ്പോഴും കള്ളിൽ മായം കലർത്തിയതായി കണ്ടെത്തി. അതാണ് സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ തീരുമാനിച്ചത്. സഹകരണ സംഘം കള്ളുഷാപ്പുകൾ നടത്തിയിരുന്ന 22 സ്ഥലങ്ങളിൽ മായം കലർത്തിയതായി കണ്ടെത്തിയിട്ടുണ്ട്. മറ്റൊരു കാര്യം, ഈ സഹകരണസംഘം ഒരു പ്രത്യേക പാർട്ടിയുടെ, ........... അറിയാമല്ലോ ഏത് പാർട്ടിയുടേതാണെന്ന്, ആ പാർട്ടിയുടെ മാത്രം നിയന്ത്രണത്തിലായിരുന്നു. ഈ മേഖലയിലുള്ള എ.ഐ.റ്റി.യു.സി., ഐ.എൻ.റ്റി.യു.സി., എച്ച്.എം.എസ്. തുടങ്ങിയ സംഘടനകൾ ഈ സംഘവുമായി സഹകരിക്കുന്നില്ല. മറ്റൊരു കാര്യം ....... ഞാൻ പറയട്ടെ...........

ശ്രീ. എ. കെ. ബാലൻ: സർ, ഏതെങ്കിലും സൊസൈറ്റിയുമായി സഹകരിക്കുന്നില്ല എന്നു കാണിച്ച് എ.ഐ.റ്റി.യു.സി. പരാതി തന്നിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, നിങ്ങൾക്ക് കേൾക്കാൻ താത്പര്യമില്ലെങ്കിൽ ഞാൻ ഇരുന്നുകൊള്ളാം.

മി. ചെയർമാൻ: ചർച്ചയില്ല, മന്ത്രിയെ മറുപടി പറയാൻ അനുവദിക്കൂ.

ശ്രീ. കെ. ബാബു: സർ, ഉണ്ട്. ഞാൻ പറയാം. കാര്യങ്ങൾ പറയുമ്പോൾ ഇങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ഞാൻ എല്ലാ

സംഘടനകളുമായും സംസാരിച്ചിട്ടുണ്ട്. അപ്പോൾ ഈ സംഘങ്ങളോട് എ.ഐ.റ്റി.യു.സി., ഐ.എൻ.റ്റി.യു.സി., എച്ച്.എം.എസ്. എന്നീ സംഘടനകൾക്കൊന്നും യോജിപ്പില്ലായിരുന്നു. എന്നുമാത്രമല്ല, സംഘങ്ങൾ ഷാപ്പ് നടത്തുന്നതിനോട് നയപരമായി ഞങ്ങൾക്ക് യോജിപ്പില്ല. അതും ഒരു പ്രശ്നമാണ്. സി.പി.ഐ (എം) –ന്റെ നേതൃത്വത്തിലുള്ള സംഘങ്ങൾ കള്ളുഷാപ്പുകൾ നടത്തുന്നതിനോട് ഞങ്ങൾക്ക് നയപരമായി യോജിപ്പില്ല. ഈ മേഖലയിലെ മറ്റ് സംഘടനകൾക്കും യോജിപ്പില്ല. ഇവിടെ ഇരിക്കുന്ന മറ്റ് നേതാക്കന്മാർക്കും .........

<u>ശ്രീ. എ.കെ. ബാലൻ</u>: സർ, സി.പി.ഐ.(എം) ന്റെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങളോട് ഞങ്ങൾക്ക് യോജിപ്പില്ലാത്തതുകൊണ്ട് പിരിച്ചുവിടുന്നു എന്നുപറഞ്ഞാൽ ഞങ്ങൾ അംഗീകരിക്കാം.

<u>ശ്രീ. കെ. ബാബു</u>: ഇത് നയപരമായൊരു തീരുമാനമല്ല. നിങ്ങൾ കൊണ്ടുവന്ന നയം നടപ്പാക്കാനാണോ ഞങ്ങൾ ഇരിക്കുന്നത്? അല്ലല്ലോ. ഇടതുപക്ഷ മുന്നണിയിലെ സംഘടനകൾക്കുതന്നെ ഇതിനോട് പൂർണ്ണമായി യോജിപ്പില്ല. ഞങ്ങളുടെ കാര്യം നിൽക്കട്ടെ. നിങ്ങളുടെ കൂടെയുള്ളവർക്കും യോജിപ്പില്ല. മറ്റൊരു കാര്യം, സംഘങ്ങൾ നടത്തിയിരുന്ന കാലത്ത് തൊഴിലാളികൾക്ക് ഒരുപാട് ആനുകൂല്യങ്ങൾ കൊടുക്കാനുമുണ്ട്. തെറ്റിദ്ധരിക്കണ്ട. തൊഴിലാളികളെ രക്ഷിച്ചു എന്ന ഒരു തെറ്റിദ്ധാരണ പരത്തുകയും വേണ്ട. നിങ്ങൾ സംഘങ്ങൾ നടത്തിയിരുന്ന കാലത്ത് തൊഴിലാളികൾക്ക് അവരുടെ പി.എഫ്.ഉം മറ്റു ആനുകൂല്യങ്ങളും അടച്ചിട്ടില്ല. അതിനും പരാതിയുണ്ടായിരുന്നു. അതുകൊണ്ട് നയപരമായി ഞങ്ങൾക്ക് യോജിപ്പില്ല. നിങ്ങളുടെ കൂടെനിൽക്കുന്ന സംഘടനകളുൾപ്പെടെയുള്ളവർക്കും യോജിപ്പില്ല. അതുകൊണ്ട് അത് വേണ്ടെന്ന് വച്ചു. ഞാൻ ഒരു കാര്യം പറയാം. കള്ളു ഷാപ്പു

കളെ സംരക്ഷിക്കുമെന്ന് നിങ്ങൾ കൊട്ടിഘോഷിക്കുന്നില്ലേ; ഞാൻ പറയേണ്ട എന്നു വിചാരിച്ചിരുന്ന കാര്യമാണ്. നിങ്ങളുടെ കാലത്ത് അവസാന വർഷം 914 ഷാപ്പുകൾ കേരളത്തിൽ പ്രവർത്തിച്ചിട്ടില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നതുകൊണ്ട് 500 രൂപാ നിരക്കിൽ ഷാപ്പ് കൊടുക്കുന്നതിന് സാങ്കേതികമായി ഇപ്പോൾ തടസ്സമുണ്ടായി. എന്നിട്ടും 815 ഷാപ്പുകൾ മാത്രമേ പ്രവർത്തിക്കാതിരുന്നുള്ളു. നിങ്ങളുടെ കാലത്ത് ഈ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. 914 ഷാപ്പുകൾ അന്ന് പ്രവർത്തിച്ചിട്ടില്ല. ഇപ്പോൾ 815 ഷാപ്പുകൾ മാത്രമേ പ്രവർത്തിപ്പിക്കാനുള്ളു. നിങ്ങൾ കള്ളു ചെത്തു വ്യവസായത്തെ പൂർണ്ണമായി സംരക്ഷിച്ചു എന്ന തെറ്റിദ്ധാരണ പരത്തേണ്ട. ഈ വ്യവസായത്തിന്റെ പ്രതിസന്ധിയെക്കുറിച്ച് ശ്രീ. കെ. ദാസൻ ചൂണ്ടിക്കാണിച്ച പ്രശ്നം ശരിയാണ്. ഈ വ്യവസായത്തിൽ വലിയ പ്രതിസന്ധിയുണ്ട്. അതിന്റെ പ്രധാന കാരണം ഒന്ന്, തെങ്ങ് പഴയതുപോലെ സുലഭമായി ലഭ്യമല്ല. അത് ഈ മേഖലയിലെ എല്ലാവർക്കും അറിയാവുന്നതാണ്. രണ്ടാമത്, പുതിയ തലമുറയിൽപ്പെട്ട ആളുകൾ ചെത്തുവ്യവസായത്തിലേയ്ക്ക് കടന്നുവരുന്നില്ല. അതും ഒരു യാഥാർത്ഥ്യമാണ്. ഈ പശ്ചാത്തലത്തിൽ നിന്നുവേണം ഈ വ്യവസായത്തെ, പ്രതിസന്ധിയെ വിലയിരുത്താൻ. ഏതായാലും ഈ വ്യവസായത്തെ സംരക്ഷിക്കുക എന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ നയം. അതനുസരിച്ച് ഈ മേഖലയിലെ തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടതനുസരിച്ച് ഗവൺമെന്റ് പരമാവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്നുമാത്രം ചൂണ്ടിക്കാണിക്കുന്നു.

<u>ശ്രീ. കെ. ദാസൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ഒരു പിശക് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത് ഏതെങ്കിലും ഒരു പാർട്ടിയുടെ ആളുകൾ മാത്രമാണെന്നാണ് പറഞ്ഞത്. ഞങ്ങളുടെ നാട്ടിലെല്ലാം ബി.എം.എസ്., ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.ടി.യു.സി. ഇവരെല്ലാവരും കൂടി ചേർന്നാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. ഒരു സൊസൈറ്റി മാത്രമേയുള്ളു. അതെല്ലാവരും ചേർന്നിട്ടുള്ളതാണ്. സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, അല്ലാതെ ഒരു പാർട്ടിയുടെ നിർദ്ദേശം അനുസരിച്ചല്ല അത് പ്രവർത്തിക്കുന്നത്. സഹകരണ വകുപ്പ്, സഹ കരണ വകുപ്പു മന്ത്രി പറയുന്നതുപോലെയാണ് പ്രവർത്തിക്കുക. അത് തെറ്റി ദ്ധാരണ ഉളവാക്കുന്നതാണ്. മറ്റൊരു കാര്യം, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അഡ്വൈസറി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട് എന്ന്. ഈ അഡ്വൈസറി ബോർഡുകൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം പകർന്നുകൊടുക്കാൻ ആവശ്യമായ ഭരണനടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. ബാബു</u>: അഡ്വൈസറി ബോർഡുകൾക്ക് സ്റ്റാറ്റ്യൂട്ടറി അധി കാരം കൊടുക്കുന്നതിനെക്കുറിച്ച് പരിശോധിച്ചതിനുശേഷം മാത്രമെ മറുപടി നൽകാൻ സാധിക്കൂ. അങ്ങ് നേരത്തെ പറഞ്ഞ ഒരു കാര്യത്തിൽ മാത്രം ഞാൻ മറുപടി പറയാൻ വിട്ടുപോയി. എന്റെ നിയന്ത്രണത്തിലല്ല ക്ഷേമനിധി ബോർഡ് എങ്കിലും ക്ഷേമനിധി ബോർഡിൽ നിന്നും പണം എടുത്തതിനെക്കു റിച്ച് അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ക്ഷേമനിധി ബോർഡിൽനിന്ന് എല്ലാക്കാലത്തും പണം എടുത്തിട്ടുണ്ട്. പക്ഷെ ഞങ്ങൾ ക്ഷേമനിധി ബോർഡിൽനിന്നും പണമെടുക്കാൻ തീരുമാനിച്ചപ്പോൾ ബാങ്കിൽ നിക്ഷേപി ക്കുമ്പോൾ കിട്ടുന്ന പലിശ ഉറപ്പുവരുത്തിക്കൊണ്ടാണ് വായ്പയെടുക്കാൻ തീരുമാനിച്ചത്. ഇത് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തത്തിലുള്ള കാര്യമാണെ

ങ്കിലും തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതാണ്. അഡ്വൈസറി കമ്മിറ്റിക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകുന്ന കാര്യത്തെക്കുറിച്ച് ഇപ്പോൾ ഒരു മറുപടി പറയാൻ സാധിക്കില്ല. പരിശോധിച്ച് അത് പ്രായോഗികമാണെങ്കിൽ തീർച്ചയായും ആ നിലയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.